ഖുത്ബ
18.02.2005
ബയ്ത്തുൽ ഫുതൂഹ്
ലണ്ടൻ

بسم الله الرحمن الرحيم

# നബിയ്ക്കെതിരിൽ ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങൾക്ക്മറുപടി നല്കുക.

إِنَّ نَاشِئَةَ اللَّيْلِ هِيَ أَشَدُّ وَطْئًا وَأَقْوَمُ قِيلًا

ഈ വചനത്തിന്റെ അർത്ഥം ഇങ്ങനെയാണ്.

രാത്രിയിലെ ഉണരൽ തീർച്ചയായും (ശരീരേച്ഛയെ) ചവുട്ടി മെതിക്കുന്നതിന് അധികം കടുപ്പമുള്ളതും വാക്കിന്റെ അടിസ്ഥാനത്തിൽ അധികം ശക്തവുമാകുന്നു. (73:7)

നബി(സ)ന് ഇറങ്ങിയ ഖുർആനിക കല്പനയാണിത്. നബി(സ) അത് വേണ്ടുംവിധം നിറവേറ്റുകയും ചെയ്തു. എന്നല്ല, പ്രവാചകത്വവാദത്തിനുമുമ്പേയും അല്ലാഹുവിനെ അന്വേഷിച്ചുകൊണ്ട് ഇഅ്തിക്കാഫ് അഥവാ ഭജനമിരിക്കുകയുമുണ്ടായി. തന്റെ രാത്രിയെ സുഖസുഷുപ്തിയിലാക്കുന്നതിനു പകരം ആരാധനാ കർമ്മങ്ങളിൽ മുഴുകി. രാത്രിയിലെ കൂരിരുട്ട് പരക്കുകയും എല്ലായിടത്തും നിശബ്ദത വ്യാപിക്കുകയും അല്ലാഹുവിന്റെയും മനുഷ്യന്റെയുമിടയിൽ തടസ്സമുണ്ടാക്കുന്ന ഒരു വസ്തുവും ഇല്ലാതിരിക്കുകയും അല്ലാഹുവും മനുഷ്യനും തമ്മിലുള്ള രഹസ്യ സംഭാഷണത്തിന് ഒന്നും തടയിടാതിരിക്കുകയും ചെയ്യുന്ന നേരത്ത്, അല്ലാഹുവിനെ ആരാധിക്കുന്നവർ തീർച്ചയായും അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവരും അവന്റെ സ്നേഹം കരസ്ഥമാക്കുന്നവരുമായിരിക്കും. എന്തുകൊണ്ടെന്നാൽ, അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനുവേണ്ടി മാത്രമാണ് അവരപ്പോൾ ആരാധനയിൽ മുഴുകുന്നത്. അതുകൊണ്ടാണ്, ഇപ്രകാരം രാത്രിയിലെഴുന്നേല്ക്കുന്നത് സ്വന്തം ശരീരേച്ഛയെ ചവുട്ടിമെതിക്കുന്നതിന് തുല്യമാണെന്ന് അല്ലാഹു പറഞ്ഞത്. എന്നല്ല ശയ്ത്വാന്റെ ആക്രമണം അവസാനിപ്പിക്കുന്നതിനും, ശരീരേച്ഛയുടെ മേൽ നിയന്ത്രണം സ്ഥാപിക്കുന്നതിനുമുള്ള ശക്തമായ യുദ്ധായുധമാണത്. അതിനെ നേരിടാൻ ആർക്കും സാധ്യമല്ല. ആ നേരത്ത് പരസ്പരമുള്ള ഉടമ്പടി ലംഘിക്കാൻ പറ്റാത്തവണ്ണം ഉറപ്പുള്ളതും ദൃഢതരവുമായിരിക്കും. ശയ്ത്വാന്റെ കലർപ്പ് അതിൽ ഉണ്ടാകുകയേയില്ല. അതായത് അല്ലാഹുവിന്റെ യഥാർത്ഥ ദാസനാകാനും സ്വന്തം ശരീരേച്ഛയെ ചവുട്ടിമെതിച്ച് നശിപ്പിക്കുന്നതിനും ഇതിനെക്കാൾ നല്ല ഒരു മാർഗ്ഗവുമില്ല.

രാത്രിയിലെ ഈ ആരാധനയുടെ ഉന്നതമായ നിലവാരം ആദരണീയനായ നമ്മുടെ നബി(സ) ഏറ്റവുമധികം കരസ്ഥമാക്കി. എന്നല്ല, അവിടത്തെ ഖുവ്വത്തെ ഖുദ്സിയ്യ അഥവാ പരിശുദ്ധമായ ശക്തിപ്രഭാവം, സ്വഹാബത്തിലും ഉമ്മത്തിലും രാത്രിയിൽ ആരാധനയിൽ മുഴുകുന്നവരെ സൃഷ്ടിച്ചു. ഞാനോതിയ വചനത്തെ തുടർന്നു വരുന്ന വചനങ്ങളിൽ അല്ലാഹു ഇത് സാക്ഷ്യപ്പെടുത്തുന്നുണ്ട്. രാത്രിയിലെ ആദ്യയാമത്തിലോ മധ്യയാമത്തിലോ അല്ലെങ്കിൽ അവസാന യാമത്തിലോ ആരാധനയുടെ ഉന്നതനിലവാരം സ്ഥാപിച്ചവരെ തീർച്ചയായും അല്ലാഹു അറിയുന്നവനാണ്. അവർ കടമ നിറവേറ്റി. അവരെക്കുറിച്ച് അല്ലാഹു സാക്ഷി പറയുന്നു. എന്നല്ല, നബി(സ)യുടെ കാലടികളെ പിന്തുടരുന്നവരെക്കുറിച്ചും അല്ലാഹു സാക്ഷി പറയുന്നു. അവർ ആ കല്പനകൾ നിറവേറ്റാൻ വ്യാകുലതയോടെ കാത്തിരിക്കുന്നവരാണ്. തന്റെ പ്രിയങ്കരനായ നബി(സ)യെക്കുറിച്ചുള്ള അല്ലാഹുവിന്റെ സാക്ഷ്യമാണിത്. ആരാധനകൾക്കായി ഉണരുകയും കൂരിരുൾ നിറഞ്ഞ ആ നേരത്ത് ചെയ്യുന്ന ദുആയിലൂടെ സ്വയം ശക്തിയാർജിക്കുകയും സ്വന്തം സമുദായത്തിനു പരിചയായിത്തീരുകയും ചെയ്യുക എന്ന നിർദ്ദേശം പൂർണ്ണമായും പാലിച്ചുവെന്നു മാത്രമല്ല അതിൽ അത്യുന്നതമായ നില സ്ഥാപിക്കുകയും ചെയ്തു.

മറ്റൊരിടത്ത് ഇങ്ങനെ പറയുന്നു:

الَّذِي يَرَاكَ حِينَ تَقُومُ ۝ وَتَقَلُّبَكَ فِي السَّاجِدِينَ ۝

(26:219,220)

നീ നില്ക്കുമ്പോൾ അവൻ നിന്നെ കണ്ടുകൊണ്ടിരിക്കുന്നു; സാഷ്ടാംഗം പ്രണമിക്കുന്നവരിൽ നിന്റെ അസ്വസ്ഥതയേയും.

സാഷ്ടാംഗം പ്രണമിക്കുന്നവരിൽ നിന്നെപ്പോലെ വേവലാതിയോടെയുള്ളവർ ആരുമില്ലെന്ന് അല്ലാഹു സാക്ഷി പറയുന്നു. നീ രാത്രിയിൽ ഉണർന്നുനില്ക്കുന്നതും അല്ലാഹുവിനുവേണ്ടിയാണ്. നിന്റെ സുജൂദും അല്ലാഹുവിനുവേണ്ടി മാത്രമാണ്. തനിക്കും തന്റെ ഉമ്മത്തിനും കരുണ സമ്പാദിക്കുന്നതിനുവേണ്ടി മാത്രമാണ്. ഇത്തരം വ്യക്തിയെക്കുറിച്ച്, ആയാൾ ഭൗതികതയുടെ പിന്നാലെ പോയ ആളാണെന്ന് എങ്ങനെയാണ് പറയാൻ കഴിയുക. എന്നാൽ, അങ്ങനെ പറയുന്നവർ ഉണ്ടായിട്ടുണ്ട്. ഇന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇസ്ലാമിനോടുള്ള വിരോധത്താൽ സ്വന്തം തന്നെയോ, പേരിന് മുസ്ലിമായിട്ടുള്ളവരെ വിലയ്ക്കെടുത്തുകൊണ്ടോ നബി(സ)യുടെ മേൽ നിരർത്ഥകങ്ങളായ ആക്ഷേപങ്ങൾ ഉന്നയിക്കുന്നു. ഈ മഹാനായ പ്രവാചകൻ തന്റെ പരിശുദ്ധമായ ശക്തിപ്രഭാവവും പ്രാർത്ഥനകളും കൊണ്ട് അല്ലാഹുവിന്റെ ആരാധകനായ ദാസ

നായി മാറിയത്, അജ്ഞരും സംസ്കാരശൂന്യരും ബിംബാരാധകരുമായ ആളുകൾക്ക് കാണാൻ കഴിയുന്നില്ല. വെറുപ്പിലും വിദ്വേഷത്തിലും ശത്രുതയിലും അതിരുകടക്കുകയും നീതിയുടെയും മതാധ്യാപനത്തിന്റെയും കണ്ണുകൾ പ്രവർത്തിക്കാതിരിക്കുകയും അക്കാരണത്താൽ തികച്ചും അന്ധരായിത്തീരുകയും ഹൃദയം കറുത്തുപോകുകയും മാലിന്യത്തിൽ മുഖംകുത്തി വീണുകിടക്കുകയും ചെയ്യുന്നവർ തങ്ങളുടെ ഈ വീക്ഷണത്തിലൂടെ മാത്രമെ എന്തും നോക്കിക്കാണുകയുള്ളു. അവർ നോക്കുമ്പോഴെല്ലാം അവരുടെ ഉള്ളിലുള്ളതു തന്നെയായിരിക്കും കാണുക. ഒരാളുടെ രൂപവും നിറവും തന്നെയായിരിക്കും വൃത്തിയും വെടിപ്പുമുള്ള കണ്ണാടി കാണിക്കുന്നത്. നബി(സ)യുടെ നിർമ്മലമായ കണ്ണാടിയിൽ അവർ നോക്കുമ്പോൾ അവർക്ക് അവരെതന്നെയായിരിക്കും കാണാൻ കഴിയുക; അല്ലാതെ നബി(സ)യുടെയോ, അവിടത്തെ മനോഹരമായ മുഖകമലത്തിന്റെയോ ചിത്രമല്ല. നബിയുടെ മനോഹരമായ മുഖകമലം കാണുന്നതിന്, പരിശുദ്ധ ഹൃദയമുണ്ടാക്കേണ്ടതും നീതി എന്താണോ ആവശ്യപ്പെടുന്നത് അത് പൂർത്തീകരിക്കേണ്ടതും അല്ലാഹുവിനോടുള്ള ഭയമുണ്ടാക്കേണ്ടതും ഹൃദയത്തിന്റെ തുരുമ്പകറ്റേണ്ടതും നിർബന്ധമാണ്. എങ്കിൽ മാത്രമേ ആ മനോഹരമായ മുഖകമലം ദർശിക്കാനൊക്കുകയുള്ളു.

ഞാൻ പറഞ്ഞതുപോലെ, ഇസ്‌ലാമിനും നബി(സ)യ്ക്കും നഊദുബില്ലാഹ് ദുഷ്പ്പേരുണ്ടാക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന അത്തരമാളുകൾ വിവിധ ആയുധങ്ങൾ ഉപയോഗിക്കുന്നു. മാന്യനായ ഒരാൾക്ക് സൗമ്യതയോടെ നോക്കിക്കാണാൻ പറ്റാത്തവിധമുള്ള നിരർത്ഥകമായ കാര്യങ്ങളാണ് പറയുന്നത്. അവർ അവരുടെ സങ്കല്പത്തിൽ വലിയ പഠിച്ചവരും സ്വതന്ത്രരും ആണെന്ന് പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. ഇസ്‌ലാമിനെയും ഇസ്‌ലാമിന്റെ സ്ഥാപകരേയും കുറിച്ച് യാഥാർത്ഥ്യം പറയുന്നവരാണെന്ന് അവർ കരുതുന്നു. യഥാർത്ഥത്തിൽ, ഈ വ്യർത്ഥമായ പുലമ്പൽ കൊണ്ട് അവരുടെ തന്നെ മുഖമാണ് വെളിവാകുന്നത്. അത്തരക്കാരിൽ ഒരാളുടെ ലേഖനം കഴിഞ്ഞ ദിവസം പ്രസിദ്ധീകരിച്ചുകണ്ടു. ജേർണലിസ്റ്റായ ചാൾസ് മോറിന്റേതാണത്. നബി(സ)യും ഹസ്റത്ത് ആയിശ(റ)യും തമ്മിലുള്ള വിവാഹത്തെ കളിയാക്കിയെഴുതിയിരിക്കുന്നു. പക്ഷെ, ആ പാവം തന്റെ വിദ്വേഷം കാരണത്താൽ തികച്ചും അന്ധനായിത്തീർന്നു. നഊദുബില്ലാഹ് നബി(സ)യ്ക്ക് ചെറിയപെൺകുട്ടികളോട് താൽപര്യമായിരുന്നുവെന്ന് വരുത്തിത്തീർക്കാൻ ശ്രമിച്ചിരിക്കുന്നു. വാസ്തവത്തിൽ, ഏതൊരു ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയാണോ അയാൾ തെളിവുകൾ പറഞ്ഞിട്ടുള്ളത് ആ ഗ്രന്ഥത്തിൽ തന്നെ ആയിശയെ നബി(സ) വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോയത് പ്രായപൂർത്തിയെത്തിയതിനുശേഷമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അന്ധതബാധിച്ചയാൾക്ക് നബി(സ)യുടെ ആദ്യവിവാഹം ഏതു പ്രായത്തിലാണ് നടന്നതെന്ന് കാണാൻ കഴിഞ്ഞില്ല. നബി(സ) യുവാവായിരുന്നു. മറ്റുള്ള എല്ലാ ഭാര്യമാരും പ്രായം ചെന്നവരായിരുന്നു എന്ന വസ്തുതയും ഈ അന്ധന് കാണാൻ കഴിഞ്ഞില്ല. മനുഷ്യൻ അന്ധനായി കഴിഞ്ഞാൽ പിന്നെ ചരിത്രത്തേയും വളച്ചൊടിച്ച് അവതരിപ്പിക്കും. വിദ്വേഷവും വിരോധവും വളർന്നുകഴിഞ്ഞാൽ, സത്യം പറയുന്നതിലേക്ക് ശ്രദ്ധ ഉണ്ടാകുകയില്ല. എന്തായാലും ഞാൻ ആ ചർച്ചയിലേക്ക് ഇപ്പോൾ പോകുന്നില്ല. ഇപ്പോൾ ഞാൻ പറയാനാഗ്രഹിക്കുന്നത്, ഏതൊരു പ്രവൃത്തി ചെയ്യാനാണോ അല്ലാഹു നബിയോടു കല്പിച്ചത്. അതായത് എന്നെ ആരാധിക്കുക, എന്നെ ആരാധിക്കുന്നവരെ സൃഷ്ടിക്കുക എന്ന കല്പന - ആ പ്രവൃത്തിയോടുമാത്രമായിരുന്നു നബി(സ)യ്ക്ക് താല്പര്യം. അതിന്റെ ഉന്നതമായ നിലവാരം സ്ഥാപിച്ചുകാണിച്ചതിന് അല്ലാഹു തആല സാക്ഷിയും പറഞ്ഞു.

ചാൾസ് മോറിന്റെ വ്യർത്ഥമായ ആരോപണങ്ങൾക്ക് ഞാനിപ്പോൾ മറുപടി പറയുന്നില്ല. എന്നാൽ, ചരിത്രം മുന്നിൽ വെച്ചു കൊണ്ട് യഥാർത്ഥ സംഭവങ്ങൾ വിവരിച്ച്, നബി(സ)യ്ക്ക് ഏതെങ്കിലും കാര്യത്തിൽ താൽപര്യമുണ്ടായിരുന്നെങ്കിൽ അത് തന്റെ സ്രഷ്ടാവായ അല്ലാഹുവിനോടു മാത്രമായിരുന്നു എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. താൽപര്യമെന്നുമാത്രമല്ല, പ്രേമമായിരുന്നു. പ്രേമത്തിന്റെ ഒരു മേഖലയിലും കാണപ്പെടാത്ത പ്രേമമായിരുന്നു അത്. എന്തെങ്കിലും ആഗ്രഹം ഉണ്ടായിരുന്നെങ്കിൽ ഒന്നുമാത്രം. അതായത് എന്റെ ശരീരവും എന്റെ ജീവനും എന്റെ ആത്മാവും അല്ലാഹുവിന്റെ പടിവാതിൽക്കൽ കിടക്കണം. അവന്റെ വഴിയിൽ ബലിയായിക്കൊണ്ടിരിക്കണം. യുവത്വകാലത്തും നബി(സ)ന് കളിതമാശയോടും സ്ത്രീകളോടും ഒരു താൽപര്യവും ഉണ്ടായിരുന്നില്ല. അക്കാലത്തും ഏകനായ അല്ലാഹുവിനെ അന്വേഷിച്ചുകൊണ്ട്, അവനോടുള്ള സ്നേഹത്തിൽ വീടും മേടും എല്ലാം ഉപേക്ഷിച്ച്, ഭാര്യാമക്കളെ ഉപേക്ഷിച്ച് മൈലുകൾക്കപ്പുറം ഒരു ഗുഹയിൽപ്പോയി ആരാധനയിൽ മുഴുകുമായിരുന്നു; അവിടെ പോയി ആരും ശല്യപ്പെടുത്താതിരിക്കാൻ വേണ്ടി. ലോകസുഖം ആഗ്രഹിക്കുകയും, ഭൗതിക വസ്തുക്കളെ ഇഷ്ടപ്പെടുകയും, സുഖാഢംബര വസ്തുക്കളോട് ആർത്തികാണിക്കുകയും, ചെയ്യുന്നയാൾ ഇങ്ങനെയാണോ പ്രവർത്തിച്ച് കാണിക്കുന്നത്? സത്യനിഷേധികൾക്ക്പോലും നിഷേധിക്കാൻ പറ്റാത്ത കാര്യമാണിത്. സ്വയേഷ്ടപ്രകാരം എന്തുതീരുമാനമെടുത്താലും യാഥാർത്ഥ്യത്തെ നിഷേധിക്കാൻ പറ്റുകയില്ല.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നമ്മുടെ നബികരീം(സ) ഏകാന്തസ്ഥാനത്തെയും, ഏകാന്തതയേയുമാണ് ഇഷ്ടപ്പെട്ടിരുന്നത്. അല്ലാഹുവിനെ ആരാധിക്കുന്നതിനുവേണ്ടി അവിടന്ന് തനിച്ച് ദൂരെയുള്ള ഹീറാ ഗുഹയിലേക്ക് പോകുമായിരുന്നു.

ആ ഗുഹാ ഭയജനകമായിരുന്നു. ആരും അവിടെ പ്പോകാൻ ധൈര്യപ്പെട്ടിരുന്നില്ല. പക്ഷെ, നബി(സ) അതിഷ്ടപ്പെടാൻ കാരണം, ഭയന്നിട്ട് അവിടെ ആരും വരികയില്ല എന്നതുകൊണ്ടാണ്. നബി(സ) തികച്ചും ഏകാന്തത ഇഷ്ടപ്പെട്ടിരുന്നു. പ്രസിദ്ധി ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ, അല്ലാഹുവിന്റെ കല്പ നയുണ്ടായി, *യാ അയ്യുഹൽ മുദ്ദഥിർ, ഖും ഫഅൻദിർ* മേൽക്കുപ്പായമണിഞ്ഞ് ഒരുങ്ങി നില്ക്കുന്നവനേ, എഴുന്നേറ്റു മുന്നറിയിപ്പ് നല്കുക. (74:2,3) ഈ കല്പ നയിൽ ഒരു നിർബന്ധിക്കലുണ്ടെന്ന് മനസ്സിലാകുന്നു. അതുകൊണ്ട് നിർബന്ധപൂർവം കല്പന നല്കപ്പെ ട്ടു. അതായത് താങ്കൾ അങ്ങേയറ്റം ഇഷ്ടപ്പെടുന്ന ഏകാന്തത ഇനി ഉപേക്ഷിച്ചുകളയുക. ഈ ഏകാ ന്തത ഉപേക്ഷിക്കുകയും അതുപേക്ഷിച്ചുകൊണ്ട് ലോകത്തിന്റെ മുന്നിൽ വരികയും, തന്റെ പ്രേമഭാജ നത്തിന്റെ സന്ദേശം ലോകർക്ക് എത്തിച്ചുകൊടുക്കു കയുമാണ് ചെയ്യേണ്ടത്. അങ്ങനെ ചെയ്യാൻ കല്പ നയുള്ളതുകൊണ്ടാണ്. അല്ലാതെ തന്റെ ആഗ്രഹം സഫലീകരിക്കാനല്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഉമ്മുൽ മുഅ്മിനീൻ ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യു ന്നു. നബി(സ) നുബുവ്വത്ത് ലഭിക്കുന്നതിനുമുമ്പേ കുറച്ചു ഭക്ഷണവസ്തുക്കളുമായി തനിച്ച് ഹിറാഗു ഹയിൽപ്പോയി അല്ലാഹുവിനെ ആരാധിക്കാറുണ്ടാ യിരുന്നു. നിരവധി രാത്രികൾ അവിടെ ആരാധന യിൽ കഴിച്ചുകൂട്ടുമായിരുന്നു. ഭക്ഷണസാധനങ്ങൾ തീരുമ്പോൾ അവിടന്ന് ഹസ്റത്ത് ഖദീജ(റ)യുടെ യടുക്കൽ മടങ്ങിവരുമായിരുന്നു. കൂടുതൽ ഭക്ഷണ വുമായി വീണ്ടും അല്ലാഹുവിനെ ആരാധിക്കാൻ ഹിറാഗുഹയിലേക്ക് പോകുമായിരുന്നു.

തുടർച്ചയായി ഒരുപാട് ദിനങ്ങൾ ഇങ്ങനെ ചെയ്തു പോന്നു. തന്റെ പ്രിയങ്കരനായ അല്ലാഹു വുമായി രഹസ്യസംഭാഷണത്തിൽ ഏർപ്പെടുന്നതി നുവേണ്ടിയുള്ള ചിന്തയും പരിശ്രമവുമായിരുന്നു അത്. അല്ലാഹുവിന്റെ കല്പനയിൽ അവിടന്നന് പ്രബോധനം തുടങ്ങിയപ്പോൾ കഅ്ബ മന്ദിരത്തിലും ചിലപ്പോൾ ആരാധന നിർവഹിക്കാൻ വരാറുണ്ടാ യിരുന്നുവെന്ന് പറഞ്ഞുവല്ലോ അവിടന്ന് തന്റെ രീതി യനുസരിച്ച് നബി(സ) ആരാധന നടത്തുന്നത് മക്ക യിലെ നിഷേധികൾക്ക് അസഹ്യമായിരുന്നു. നബിയെ അതിൽനിന്ന് തടയാൻ പലതന്ത്രങ്ങളും അവർ ചെയ്തിരുന്നു. എന്നാൽ, ഏകനായ അല്ലാ ഹുവിനോട് നബി(സ)യ്ക്കുണ്ടായ സ്നേഹം, ആ എതിർപ്പോ തടസ്സമോ കൊണ്ട് അവസാനിക്കുന്നതാ യിരുന്നില്ല. ആ എതിർപ്പിന്റെ ഒരു സംഭവം നമുക്ക് ഇങ്ങനെ ലഭിക്കുന്നു.

ഹസ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. നബി(സ) കഅ്ബ മന്ദിരത്തി നടുത്ത് നമസ്കരിക്കുകയായിരുന്നു. ആ സമയം അബൂജഹ്ലും കൂട്ടുകാരും അവിടെയുണ്ട്. ആ നേരത്ത്, അതിൽ നിന്ന് ഒരാൾ ഇന്ന സ്ഥലത്തുള്ള ഒട്ടകത്തിന്റെ കുടൽമാല കൊണ്ടുവരാൻ നിങ്ങളി ലാർക്കാണ് കഴിയുക എന്നു ചോദിച്ചു; നബി(സ) സുജൂദിലായിരിക്കുമ്പോൾ പുറത്തുകൊണ്ടുവ യ്ക്കാൻ. അവരിൽ ഒരു ദുഷ്ടൻ (അഖബത്തുബ്നു അബീമുഹീത്ത്) ചാടിയെഴുന്നേറ്റു. അയാൾ അതേ റ്റിക്കൊണ്ടുവന്നു. നബി(സ) സുജൂദിലേക്ക് പോകുന്ന തക്കം പാർത്തിരുന്നു അവർ. അങ്ങനെ നബി(സ) സുജൂദിലേക്ക് പോയപ്പോൾ അയാൾ ആ കുടൽമാല ഇരുതോളുകൾക്കുമിടയിലുള്ള മധ്യഭാഗത്ത് കൊണ്ടു വെച്ചു. നിവേദകൻ പറയുന്നു: ഞാൻ അവർ ചെയ്യു ന്നതെല്ലാം കണ്ടുകൊണ്ട് നിന്നു; എനിക്കൊന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. അതു തടയാനുള്ള ശക്തി എനിക്കുണ്ടായിരുന്നെങ്കിൽ! അങ്ങനെ ചെയ്തതിനുശേഷം അവർ പരസ്പരം കുലുങ്ങിച്ചി രിച്ച് ഒരാൾ മറ്റൊരാളുടെമേൽ വീഴാൻ തുടങ്ങി. നബി(സ) സുജൂദിൽ തന്നെയായിരുന്നു. തല ഉയർത്തിയില്ല. അങ്ങനെ നബിയുടെയടുക്കൽ ഹസ്റത്ത് ഫാത്വിമ വന്നു. ആ കുടൽമാല നബി(സ) യുടെ മുതുകിൽനിന്ന് തട്ടിതാഴെയിട്ടു. അപ്പോൾ നബി(സ) തന്റെ തലയുയർത്തി. പിന്നീട് അവിടന്ന് മൂന്നുപ്രാവശ്യം പറഞ്ഞു: അല്ലാഹുവേ, ഈ ഖുറ യ്ശികളുടെ കാര്യം നീ തന്നെ നോക്കിയാലും. ഈ ശാപപ്രാർത്ഥനയും അവർക്ക് അസഹ്യമായി. കാര ണം, നബി(സ)യുടെ പ്രാർത്ഥന സ്വീകരിക്കപ്പെടു മെന്ന് അവർക്കറിയാമായിരുന്നു. പിന്നീട് അവിടന്ന് പേരെടുത്തെടുത്ത് ദുആ ചെയ്തു. അല്ലാഹുവേ, ഞാൻ നിന്നോട് അബൂജഹ്ൽ, ഉത്ബാബിൻ റബി യ്യ, ശഅ്ബാബിൻ റബീയ്യ, വലീദ് ബിൻ ഉഖ്വ, ഉമ യ്യാബിൻ ഖൽഫ്, ഉഖ്വാ ബിൻ അബീമുഈത് എന്നി വരെ തളച്ചിടാൻ അപേക്ഷിക്കുകയാണ്. നിവേദകൻ പറയുന്നു, നബി(സ) ഏഴാമതൊരാളുടെ പേരുകൂടി പറഞ്ഞിരുന്നു. അതെനിക്കോർമയില്ല. എന്തായാലും നിവേദകന്റെ നിവേദനമാണ്. അദ്ദേഹം പറയുന്നു. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരി ക്കുന്നത് അവനാണ! നബി(സ) തിരുമേനി തന്റെ ദുആയിൽ എണ്ണിയെണ്ണിപ്പറഞ്ഞ ഓരോരുത്തരും ബദ്റിന്റെ കുഴിയിൽ വധിക്കപ്പെട്ടുകിടക്കുന്നതായി ഞാൻ കണ്ടു. ദുആ സ്വീകാര്യതയുടെ ഈ കാഴ്ച അല്ലാഹുവിന്റെ പ്രിയപ്പെട്ടവന് മാത്രമെ കാണിക്കാൻ കഴിയുകയുള്ളു. ഭൗതിക സുഖലോലുപതയിൽ മുങ്ങിക്കിടക്കുന്ന ഒരുവന് ഈ കാഴ്ച കാണിക്കാൻ കഴിയുമോ? അല്പകാലത്തിനുള്ളിൽ ഇതെല്ലാം പൂർത്തിയായിക്കണ്ടു.

നബി(സ) തന്റെ ആഗ്രഹം പ്രകടിപ്പിച്ചു കൊണ്ട് പറയുന്നു: അല്ലാഹു ഓരോ നബിയ്ക്കും ഓരോ ആഗ്രഹം വെച്ചിട്ടുണ്ട്. എന്റെ ആഗ്രഹം രാത്രി യിലെ ആരാധനയാണ്.

ആ രാത്രിയിലെ ആരാധനയിലും ഉന്നതമായ നിലവാരം പുലർത്തിയതായി നാം കാണുന്നു. അതിന്റെ ഉദാഹരണം വേറെങ്ങും കിട്ടുകയില്ല. ഇതു സംബന്ധമായി ഹസ്റത്ത് ആയിശ(റ)യുടെ സാക്ഷ്യ

മുണ്ട്. നബി(സ)യുടെ തഹജ്ജുദ് നമസ്കാരത്തിന്റെ അവസ്ഥയെക്കുറിച്ച് ചോദിച്ചപ്പോൾ ആയിശ(റ) പറഞ്ഞു: പതിനൊന്ന് റക്അത്തിനെക്കാൾ കൂടുതൽ നമസ്കരിച്ചിരുന്നില്ല. എന്നാൽ അത് ഇത്രമാത്രം സുദീർഘവും പ്രിയങ്കരവും മനോഹരവുമായ നമസ്കാരം ആയിരുന്നു. ആ നമസ്കാരത്തിന്റെ ദൈർഘ്യത്തെക്കുറിച്ചും മനോഹാരിതയെക്കുറിച്ചും ചോദിക്കരുത്. അതായത് ആ നമസ്കാരത്തിന്റെ മനോഹാരിതയെക്കുറിച്ച് വിവരിക്കാൻ എനിക്കു വാക്കുകളില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. മുത്തരിഫ് തന്റെ പിതാവിൽനിന്ന് നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ നബി(സ) നമസ്കരിക്കുന്നതുകണ്ടു. ആ നേരത്ത് കഠിനമായ കേഴൽകൊണ്ട് അവിടത്തെ നെഞ്ചകത്തുനിന്ന്, ചക്കിതിരിയുന്നതു പോലുള്ള ശബ്ദം കേൾക്കാമായിരുന്നു. മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. അവിടത്തെ നെഞ്ചകത്തിൽനിന്ന് വെള്ളം തിളയ്ക്കുന്ന ശബ്ദം കേൾക്കുമായിരുന്നു.

ഹസ്റത്ത് ഔഫ് ബിൻ മാലിക് അശ്ജഇ പറയുന്നു: ഒരു രാത്രി നബി(സ)യോടൊപ്പം ആരാധനയിൽ മുഴുകാൻ എനിക്കു സൗഭാഗ്യം ലഭിച്ചു. അവിടന്ന് ആദ്യം സൂറ ബഖറ ഓതി. കരുണയെക്കുറിച്ച് പ്രതിപാദിക്കുന്ന വചനമെത്തുമ്പോൾ, അവിടെ നിന്ന് കരുണയ്ക്കുവേണ്ടി ദുആ ചെയ്യാതെ അവിടന്ന് അടുത്ത വചനം ഓതിയിരുന്നില്ല. ശിക്ഷയെക്കുറിച്ച് പ്രതിപാദിക്കുന്ന വചനം വരുമ്പോൾ ആ ശിക്ഷയിൽനിന്ന് അല്ലാഹുവിനോട് അഭയം തേടാതെ അടുത്ത വചനം ഓതാറില്ലായിരുന്നു. പിന്നെ നിന്നത്രയും ദൈർഘ്യത്തിൽ റുകൂഇൽനിന്നു. അതായത് എത്രനേരം നിന്ന് ഖുർആൻ പാരായണം ചെയ്തു അത്രയും നേരം റുക്കൂഉം ദീർഘിപ്പിച്ചു. അതിൽ തസ്ബീഹും തഹ്മീദും ചൊല്ലിക്കൊണ്ടിരുന്നു. പിന്നീട് നിന്നു ഖുർആൻ ഓതിയ അത്രയും നേരം സുജൂദ് ചെയ്തു. സുജൂദിലും തസ്ബീഹും ദുആയും ചെയ്തുകൊണ്ടിരുന്നു. പിന്നീട് എഴുന്നേറ്റ് നിന്ന് സൂറ ആലുഇംറാൻ ഓതി. പിന്നീട് ഓരോ റക്അത്തിലും ഓരോ അധ്യായം ഓതിക്കൊണ്ടിരുന്നു. നിന്ന് നിന്ന്, മനസ്സിലാക്കി, റഹ്മത്തിന്റെയും ശിക്ഷയുടെയും അവസരത്തിൽ ദുആ ചെയ്തും അഭയം തേടിയും നബി(സ)യുടെ നമസ്കാരം സാധാരണ രീതിയിലുള്ളതല്ലായിരുന്നു. ഈ ദുആയും ചിന്തയും ഏറ്റവും ഉന്നതനിലവാരത്തിലുള്ളതായിരുന്നു. അതിനെക്കുറിച്ച് ചിന്തിക്കുക തന്നെ പ്രയാസമാണ്. അതുകൊണ്ടാണ്, ആ മഹാത്മാവിന്റെ നമസ്കാരത്തിന്റെ മനോഹാരിതയെക്കുറിച്ച് എന്നോടു ചോദിക്കരുതെന്ന് ഹസ്റത്ത് ആയിശ(റ) പറഞ്ഞത്. അത് വിവരണാതീതമാണ്.

ഹസ്റത്ത് ഹുദയ്ഫാ ബിൻ യമാൻ (റ) പറയുന്നു. നബി(സ)യുടെ രഹസ്യങ്ങളറിയുന്ന സ്വഹാബിയായിരുന്നു ഇദ്ദേഹമെന്ന് പറയപ്പെടുന്നു. ഒരു രാത്രി നബിയോടൊപ്പം നമസ്കരിച്ചു. നമസ്കാരം തുടങ്ങിയപ്പോൾ അവിടന്ന് പറഞ്ഞു: *അല്ലാഹു അക്ബർ ദുൽമലക്കൂത്തി വൽജുബ്റൂത്തി വൽകിബ്രിയായി വൽ അള്മത്തി.* അല്ലാഹു വലിയവനാണ്. സർവ്വാധികാരിയും പ്രതാപവാനും അടക്കിവാഴുന്നവനുമാണ്. പിന്നീട് റുക്കൂഅ് ചെയ്തു. അത് ഖിയാമിനോളം തന്നെയായിരുന്നു. പിന്നീട് റുക്കൂഇൽ നിന്നെഴുന്നേറ്റു. പിന്നീട് ഖിയാമിനോളം തന്നെ സുജൂദ് ചെയ്തു. പിന്നീട് രണ്ടു സുജൂദുകൾക്കിടയിൽ റബ്ബിഗ്ഫിർലീ, റബ്ബിഗ്ഫിർലീ എന്റെ നാഥാ എനിക്കു പൊറുത്തുതരേണമേ, എന്നു പറഞ്ഞുകൊണ്ട് സുജൂദിനോളം തന്നെ ഇരുന്നു. പിന്നീട് രണ്ടാമത്തെ റക്അത്തിൽ അവിടന്ന് ആലുഇംറാൻ, നിസാഅ്, മായിദ, അൻആം തുടങ്ങി ദീർഘമായ അധ്യായങ്ങൾ ഓതി.

നോക്കുക, ഇതായിരുന്നു നബി(സ)യുടെ ആരാധനയുടെ ഉന്നതമായ നില. അതുകൊണ്ടാണ് ചിലപ്പോൾ നിന്ന് നിന്ന് അവിടത്തെ കാലുകൾ നീരുവന്ന് വിങ്ങാറുണ്ടായിരുന്നു എന്ന് നിവേദനങ്ങളിൽ വന്നിട്ടുള്ളത്.

ഹസ്റത്ത് ആയിശ(റ) പറയുന്നു. കാലിൽ നീരുവന്ന് മുറിയാകുന്നതുവരെ നബി(സ) രാത്രിയിൽ ദീർഘമായി നിന്ന് നമസ്കരിക്കാറുണ്ടായിരുന്നു. ഒരിക്കൽ ഞാൻ നബിയോടു ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ! അങ്ങ് എന്തിനാണ് ഇത്രമാത്രം ബുദ്ധിമുട്ടുന്നത്. അല്ലാഹുതആല അങ്ങയുടെ മുമ്പും പിമ്പുമുള്ള എല്ലാ വീഴ്ചകളും പൊറുത്തുതന്നിരിക്കുകയാണല്ലോ? നബി(സ) പറഞ്ഞു: *അഫ്ലാ യുഹിബ്ബു അൻയ്യക്കൂന അബ്ദൻ ശുക്കൂറാ.* ഞാൻ അല്ലാഹുവിനോടു നന്ദിയുള്ള ദാസനായിരിക്കണ്ടേ?

ഉമ്മുൽ മുഅ്മിനീൻ ഹസ്റത്ത് സൗദാ(റ) നിവേദനം ചെയ്യുന്നു. കപടതയില്ലാത്ത സ്വഭാവക്കാരിയായിരുന്നു ഇവർ. തന്റെ ഊഴം വന്നപ്പോൾ ഒരു രാത്രി അവരും നബിയോടൊപ്പം തഹജ്ജുദ് നമസ്കരിക്കാൻ നിശ്ചയിച്ചു. നബിയോടൊപ്പം ചെന്ന് നമസ്കാരത്തിൽ പങ്കാളിയായി. എത്രനേരം അവർക്ക് നബിയോടൊപ്പം നമസ്കരിക്കാൻ കഴിഞ്ഞു എന്നറിയില്ല. എന്തായാലും, ആ ദീർഘമായ നമസ്കാരത്തെകുറിച്ച് പകൽ നബി(സ)യോട് അവർ ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ! രാത്രിയിൽ എത്ര ദീർഘമായിട്ടാണ് അങ്ങ് റുക്കൂഅ് ചെയ്യിച്ചത്. കുനിഞ്ഞ് നിന്ന് നിന്ന് എന്റെ മൂക്കിലൂടെ രക്തം വരുമോ എന്നെനിക്കു തോന്നിപ്പോയി.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. അതാഅ് നിവേദനം ചെയ്യുന്നു. ഒരിക്കൽ ഞാൻ ഇബ്നു ഉമറിനോടും ഉബയ്ദുല്ലാഹ് ബിൻ ഉമറിനോടുമൊപ്പം ഹസ്റത്ത് ആയിശ(റ)യുടെ തിരുസന്നിധിയിലെത്തി. ഞാൻ ഉമ്മുൽമുഅ്മിനോടു ചോദിച്ചു. അങ്ങ് നബി(സ)യിൽ കണ്ട വിസ്മയകരമായ എന്തെങ്കിലും കാര്യം എനിക്കു പറഞ്ഞു തന്നാലും. അപ്പോൾ നബി(സ)യെ ഓർത്തു വേദനിച്ചുകൊണ്ട്

ഹസ്റത്ത് ആയിശ(റ) കരയാൻ തുടങ്ങി. പറഞ്ഞു: നബി(സ)യുടെ ഓരോ ജീവിതവും ആശ്ചര്യകരമായിരുന്നു. ഒരിക്കൽ രാത്രി നബി(സ) എന്റെയടുക്കൽ വന്നു. എന്നോടൊപ്പം എന്റെ കിടക്കയിൽ കിടന്നു. എന്നിട്ടവിടന്ന് ചോദിച്ചു. ആയിശ! എന്റെ രക്ഷിതാവിനെ ആരാധിക്കാൻ ഇന്നെനിക്ക് നീ അനുവാദം തരുമോ? ഞാൻ പറഞ്ഞു: അല്ലാഹുവാണ! അങ്ങയുടെ ആഗ്രഹത്തെ ഞാൻ ആദരിക്കുന്നവളാണ്. അങ്ങയുടെ സാമീപ്യം എനിക്കിഷ്ടമാണ്. ഞാൻ അങ്ങേയ്ക്ക് അനുവാദം തന്നുകൊള്ളുന്നു. അപ്പോൾ നബി(സ) എഴുന്നേറ്റു. തോൽസഞ്ചിയിൽനിന്ന് വെള്ളമെടുത്ത് വുളൂ ചെയ്തു. നമസ്കാരത്തിനായി നിന്നു. കണ്ണീർ നെഞ്ചിൽവീഴും വിധം നമസ്കാരത്തിൽ അവിടന്ന് കരഞ്ഞു. നമസ്കാരത്തിനുശേഷം അവിടന്ന് വലത്തോട്ട് തിരിഞ്ഞ് മുഖത്ത് കൈകൊടുത്തിരുന്നു. പിന്നീട് അവിടന്ന് കരയാൻ തുടങ്ങി. അവിടത്തെ കണ്ണീർ തറയിൽ ഇറ്റിറ്റുവീഴാൻ തുടങ്ങി. ബാങ്കുകൊടുത്തതിനുശേഷം ബിലാൽ വരുന്നതുവരെ അവിടന്ന് അങ്ങനെയായിരുന്നു. ഇങ്ങനെ കരഞ്ഞ് താണ്കേണ് അല്ലാഹുവിനോട് ദുആ ചെയ്യുന്നതുകണ്ടപ്പോൾ നബി(സ) ചോദിച്ചു. അല്ലാഹുവിന്റെ റസൂലെ അങ്ങെന്തിനാണ് ഇങ്ങനെ കരയുന്നത്?. അല്ലാഹുതആല കഴിഞ്ഞതും വരുന്നതുമായ എല്ലാ പിഴവുകളും അങ്ങയ്ക്ക് പൊറുത്തുതന്നിരിക്കുകയാണല്ലോ? അപ്പോൾ നബി(സ) പറഞ്ഞു: അല്ലാഹുവിനോടു നന്ദിയുള്ള ദാസനായി ഞാൻ മാറണ്ടേ?

ഇനി മോർ സാഹിബിന് എന്താണ് പറയാനുള്ളത്. ഏതൊരു വിവാഹത്തെക്കുറിച്ചാണൊ മോർ തന്റെ ബുദ്ധിയിലെ അഴുക്കുവാരിയെറിഞ്ഞത്, ആ ഭാര്യയുടെ സാക്ഷ്യമിതാണ്. അതായത് എന്നെ വിട്ടും വെച്ച് അല്ലാഹുവിന്റെ തിരുസന്നിധിയിൽ കരഞ്ഞുകരഞ്ഞു പ്രാർത്ഥിക്കുന്നു. ഇത് ഒന്നോ രണ്ടോ പ്രാവശ്യം നടന്ന സംഭവമല്ല. മിക്കപ്പോഴും ഇങ്ങനെ തന്നെയായിരുന്നു. എന്നല്ല, ഓരോ ഓരോ ഭാര്യയുടെ വീട്ടിലും ഈകാഴ്ച കാണാൻ കഴിയും.

ഹസ്റത്ത് ആയിശാ(റ)യുടെ ഊഴം വരുന്നു. ഒൻപതു ഭാര്യമാരുള്ളപ്പോൾ ഒൻപതാമത്തെ ദിവസമായിരിക്കും ഊഴം വരിക. നബി(സ) യുടെ പ്രിയംകരിയായ ഭാര്യയാണ് എന്നതിലും സംശയമൊന്നുമില്ല. ഈ ഭാര്യയുടെ വീട്ടിലാണ് ഏറ്റവും കൂടുതൽ വെളിപാടിറങ്ങിയത്. അതുകൊണ്ടാണ് അവർ പ്രിയങ്കരിയായി മാറിയത്. ഇവിടെയും സ്നേഹത്തിന്റെ അളവുകോൽ അല്ലാഹുവിന്റെ സത്തയാണ്. ഒൻപതു ദിവസത്തിനുശേഷം ആ ഭാര്യയുടെ അടുക്കൽ വരുമ്പോൾ, 'എന്റെ മനസ്സ് അസ്വസ്ഥമാണ്, അല്ലാഹുവിനെ ആരാധിക്കാൻ എന്നെ അനുവദിക്കുക' എന്നു പറയുന്നു. പിന്നീട് രാത്രിമുഴുവൻ കരഞ്ഞ് കരഞ്ഞ് കണ്ണ് നീർകൊണ്ട് തറ നനച്ചുകൊണ്ടിരിക്കുന്നു. ദുആചെയ്തുകൊണ്ട് രാത്രി കഴിച്ചുകൂട്ടുന്നു. ഔദാര്യങ്ങൾ ചെയ്തുകൊടുത്ത അല്ലാഹുവിനോട് നന്ദികാണിക്കുന്നു. സുഖലോലുപനായ ഒരു മനുഷ്യന് ഇങ്ങനെ പ്രാർത്ഥിക്കാൻ കഴിയുമോ? ഭൗതീകതയുടെ അന്ധതബാധിച്ചവരുടെ നിലയല്ല ഇത്. അവരുടെ നിലതന്നെ വേറെയാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. അല്ലാഹുവിന്റെ ദാസരുടെ വിശേഷഗുണത്തെക്കുറിച്ച് പറയുന്നു. *വല്ലദീന യബീതൂന ലിറബ്ബിഹിം സുജ്ജദൻ വ്വഖിയാമാ.* തങ്ങളുടെ നാഥനെ സാഷ്ടാംഗം പ്രണമിച്ചുകൊണ്ടും നിന്നു പ്രാർത്ഥിച്ചുകൊണ്ടും രാത്രി കഴിച്ചുകൂട്ടുന്നവരാണവർ. (25:65) നോക്കുക, രവും പകലും ഭാര്യമാരിൽ ലയിച്ചിരിക്കുന്ന ഒരുവന് അല്ലാഹുവിന്റെ ഇംഗിതമനുസരിച്ച് രാത്രി എങ്ങനെ കഴിച്ചുകൂട്ടാനാണ്. അത്തരം ഭാര്യമാർ എന്താണ് ചെയ്യുന്നത്. അവർ അല്ലാഹുവിന് പങ്കാളികളെ വെക്കുന്നവരായിരിക്കും. നബി(സ) ന് ഒൻപത് ഭാര്യമാരുണ്ടായിരുന്നു. ഇങ്ങനെയായിട്ടും തന്റെ രാത്രിമുഴുവൻ അല്ലാഹുവിനെ ആരാധിച്ചുകൊണ്ട് നബി(സ) കഴിച്ചുകൂട്ടി. ഒരിക്കൽ അവിടത്തെ ഊഴം ആയിശാ(റ)യുടെ വീട്ടിലായിരുന്നു. രാത്രി കുറെകഴിഞ്ഞപ്പോൾ ഹസ്റത്ത് ആയിശ(റ) ഉണർന്നു. കിടക്കയിൽ കണ്ടില്ല. മറ്റേതെങ്കിലും ഭാര്യയുടെ അടുക്കൽ പോയതാകാം എന്നവർ സംശയിച്ചു. അവരെഴുന്നേറ്റ് ഓരോ വീട്ടിലും തിരക്കി, പക്ഷെ അവിടെയൊന്നും കണ്ടില്ല. അവസാനം ഖബർസ്ഥാനിൽ സുജൂദിൽ കിടന്ന് കരയുന്നതാണ് കണ്ടത്. നോക്കുക ജീവിച്ചിരിക്കുന്നതും തന്റെ പ്രിയപ്പെട്ടതുമായ ഭാര്യയെ ഉപേക്ഷിച്ചുകൊണ്ട് മരിച്ചവരുടെ അടുക്കൽ ഖബർസ്ഥാനിൽ പോയി കരയുന്നു. ഇത്തരം വിവാഹം കാമാവികാരത്തിന്റെ അടിസ്ഥാനത്തിലുള്ളതാണെന്ന് പറയാൻ പറ്റുമോ? പക്ഷെ ആക്ഷേപകന് ഇക്കാര്യം ഒരിക്കലും കണാൻ കഴിയുകയില്ല.

ഹസ്റത്ത ആയിശാ(റ) പറഞ്ഞ സംഭവം ഇങ്ങനെ വിവരിക്കുന്നു. പറയുന്നു: ഒരു രാത്രി നബി(സ) എന്റെ അടുക്കൽ വന്നു. നബി(സ) ഉറങ്ങുന്നതിനായി കിടന്നു. എന്നാൽ ഉറങ്ങിയിരുന്നില്ല. എഴുന്നേറ്റിരുന്നു. തുണിയെടുത്ത് പുതച്ചു. ആയിശാ(റ) പറയുന്നു. എനിക്ക് വല്ലാത്ത ഈർഷ്യമുണ്ടായി. ഞാൻ കരുതി മറ്റുഭാര്യമാരുടെ അടുക്കൽ പോകാനൊരുങ്ങുകയായിരിക്കുമെന്ന്. പറയുന്നു. ഞാൻ നബിയുടെ പിന്നാലെ പോയി. ഞാൻ അങ്ങയെ "ജന്നത്തുൽ ബഖീഅ്" ഖബർസ്ഥാനിൽ കണ്ടു. അവിടന്ന് വിശ്വാസികളായ പുരുഷൻമാർക്കും സ്ത്രീകൾക്കും വീരമൃത്യു പ്രാപിച്ചവർക്കും വേണ്ടി പൊറുക്കലിനെ തേടുകയായിരുന്നു. ഹസ്റത്ത് ആയിശ പറയുന്നു. ഞനെന്റെ മനസ്സിൽ പറഞ്ഞു എന്റെ ഉമ്മയും ബാപ്പയും അങ്ങയ്ക്ക് തെണ്ടമാണ്. നബി(സ) തന്റെ റബ്ബിനെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ദുൻയാവിന്റെ വിചാരങ്ങളിലും. പറയുന്നു ഞാൻ വേഗം നടന്ന് തിരിച്ചെത്തി. അല്പം കഴിഞ്ഞപ്പോൾ നബി(സ) യും എന്റെ അടുക്കൽ വന്നു. വേഗത്തിൽ വന്നകാരണത്താൽ അപ്പോഴും

ഞാൻ കിതക്കുന്നുണ്ടായിരുന്നു. നബി(സ), ഞാൻ കിതക്കുന്നതിന്റെ കാരണം ചോദിച്ചു. ഞാൻ നബിയോട് എല്ലാകാര്യവും പറഞ്ഞു. അപ്പോൾ നബി(സ) പറഞ്ഞു. ആയിശാ അല്ലാഹുവും അവന്റെ റസൂലും നിന്റെ അവകാശം ധ്വംസിക്കുമെന്ന് നീ ഭയപ്പെടുന്നുണ്ടോ? യാഥാർത്ഥ്യമെന്താണെന്നു വെച്ചാൽ, ജിബ്‌രീൽ(അ) എന്റെ അടുക്കൽ വന്നു പറഞ്ഞു. ഇബ്നു ശഅ്ബാന്റെ രാത്രിയാണ്. ഈ രാത്രിയിൽ അല്ലാഹു തആല ഒരു ചെമ്മരിയാടിന്റെ രോമത്തിനുതുല്ല്യം ജനങ്ങളെ അഗ്നിയിൽ നിന്ന് രക്ഷിക്കുന്നു. അതായത് അധികമധികമായി പൊറുത്തുകൊടുക്കുന്നു. ഈ രാത്രിയിൽ അല്ലാഹു തആല ഏതെങ്കിലും ബിംബാരാധകന്റേയോ, അസൂയാലുവിന്റേയോ, കുടുംബബന്ധം വിച്ഛേദിക്കുന്നവന്റേയോ, അഹങ്കാരത്താൽ തുണിതാഴെവലിച്ചു നടക്കുന്നവന്റേയോ മാതപിതാക്കളെ അനുസരിക്കാത്തവന്റെയോ മദ്യപാനിയുടേയോ മേൽ ദൃഷ്ടിവയ്ക്കുകയില്ല. പസ്റത്ത് ആയിശ(റ) പറയുന്നു. നബി(സ) മുണ്ടു പുതച്ചിരുന്നു. അതെടുത്ത് മാറ്റിക്കൊണ്ട് എന്നോട് പറഞ്ഞു. ആയിശാ ഈ രാത്രിയുടെ ബാക്കിഭാഗവും ആരാധനയിൽ മുഴുകാൻ നീ എനിക്ക് അനുവാദം തരുമോ? ഞാൻ പറഞ്ഞു. എന്റെ ഉമ്മയും ബാപ്പയും അങ്ങയ്ക്ക് തെണ്ടമാണ്. അപ്പോൾ നബി(സ) നമസ്കരിക്കാൻ തുടങ്ങി. സുദീർഘമായ സൂജൂദുചെയ്തു. എത്രമാത്രമെന്നാൽ ഞാൻ കരുതി അവിടത്തെ ശ്വസം നിലച്ചുപോയെന്ന്. ഞാൻ ചെന്ന് അവിടത്തെ പാദം തൊട്ടു അപ്പോൾ നബിയുടെ കാലിൽ ചലനം കണ്ടു. സൂജൂദിൽ അവിടന്ന് ദുആചെയ്യുന്നതായി ഞാൻ കേട്ടു. രാവിലെ നബി(സ) പറഞ്ഞു: ഞാൻ രാത്രിയിൽ ദുആചെയ്തത് ജിബ്‌രീൽ(അ) എന്നെപഠിപ്പിച്ചതാണ്. സൂജൂദിൽ ആവർത്തിച്ചാവർത്തിച്ച് ഉരുവിടാൻ എന്നോട് കല്പിച്ചു.

ഇനി പറയുക, ഇതുപോലെ ഔദാര്യങ്ങൾക്ക് നന്ദികാണിക്കുന്നവൻ വേറെയുണ്ടോ? രാത്രിമുഴുവൻ ജനങ്ങളുടെ പാപം പൊറുത്തുകൊടുക്കാൻ പാപപ്പൊറുതി തേടിക്കൊണ്ട് കഴിച്ചുകൂട്ടുന്നു. തന്റെ റബ്ബിന്റെ പ്രേമത്തിൽ ലയിച്ചിരിക്കുകയാണ്. അവന്റെ സൃഷ്ടിയോടുള്ള സഹാനുഭൂതിയും അസ്വസ്ഥനാക്കി രാത്രിയിലുള്ള ഉറക്കത്തെയും വകവെച്ചില്ല. തന്റെ പ്രിയങ്കരിയായ ഭാര്യയുടെ സാമീപ്യത്തിനും ഒരു പ്രാധാന്യവും കൊടുക്കുന്നില്ല. എന്തെങ്കിലും ആഗ്രഹമുണ്ടെങ്കിൽ അതൊന്നുമാത്രാമണ്, എന്റെ അല്ലാഹു എന്നെ തൃപ്തിപ്പെടണം. അവന്റെ സൃഷ്ടികൾ ശിക്ഷയിൽനിന്ന് രക്ഷപ്പെടണം. അത്തരം ഒരുവ്യക്തിയെക്കുറിച്ച് ലോകത്തിന്റെ സുഖാഡംബരങ്ങളിൽ മുഴുകിയിരുന്ന ആളാണെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ.

എങ്ങനെയാണ് അവിടത്തെ രാത്രി കഴിഞ്ഞിരുന്നതെന്നിന് മറ്റൊരു സാക്ഷ്യം കാണുക. ഉമ്മുസൽമ(റ) പറയുന്നു: കുറച്ചുനേരം ഉറങ്ങും. പിന്നീട് കുറച്ചുനേരം നമസ്കരിക്കും പിന്നീട് ഉറങ്ങും പിന്നീട് എഴുന്നേറ്റിരിക്കും. നമസ്കരിക്കും ചുരുക്കത്തിൽ രാവിലെ വരെ ഇങ്ങനെതന്നെയാണ് അവസ്ഥ.

ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ എന്റെ ഊഴം വന്നപ്പോൾ ഞാൻ പുറത്തിറങ്ങിനോക്കി. ഒരു തുണിപേലെ നബി(സ) തറയിൽ കിടക്കുന്നതാണ് കണ്ടത്. *സജദ ലക്കസ വാദി വ ഖയാലി വ ആമനലക്കഫുആദീ റബ്ബീ ഹാദിഹീ യദായാ വമാ ജനയ്തുബിഹാ അലാനഫ്സി യാഅളീമൻ യുഅ്ജാ ലിക്കുല്ലീ അളീമൻ ഇഗ്ഫിറിദൻ ബല്ലദീ*

അല്ലാഹുവേ, നിനക്കുവേണ്ടി എന്റെ ശരീരവും ജീവനും സൂജൂദിലാണ്. എന്റെ ഹൃദയം നിന്നിൽ വിശ്വസിക്കുന്നു. എന്റെ രക്ഷിതാവെ എന്റെ ഇരുകരങ്ങളും നിന്റെ മുമ്പിൽ നീട്ടിയിരിക്കുന്നു. എന്റെ ജീവനുമേൽ ഞാൻ അനുസരണം പ്രവർത്തിച്ചതും നിന്റെ മുമ്പിലാണ്. മഹത്വമുടയവനായവനേ നിന്നിൽ നിന്നാണ് മഹത്തരമായ എല്ലാകര്യങ്ങളും പ്രതീക്ഷിക്കുന്നത്. വലിയ പാപങ്ങളെ നീപൊറുത്തുതന്നാലും എന്നിട്ട് പറഞ്ഞു. ആയിശാ ഈ വാക്കുകൾ ചൊല്ലാൻ ജിബ്‌രീൽ(അ) എന്നോട് പറഞ്ഞു. നീയും നിന്റെ സൂജൂദിൽ ഇത് ചൊല്ലികൊണ്ടിരിക്കുക. ആരാണോ ഈ വാക്കുകൾ ചൊല്ലുന്നത്. സുജൂദിൽ നിന്ന് അയാൾ തല ഉയർത്തുന്നതിനുമുമ്പേ അയാൾക്ക് പൊറുക്കപ്പെടുന്നു.

സുഖകരമായി കിടക്കയിൽ കിടക്കുകയും അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്ന് തടയുകയും സുഖസുഷുപ്തിയിൽ ആണ്ടുകിടക്കുകയും ചെയ്യുക എന്നത് നബി(സ) ക്ക് സഹിക്കുമായിരുന്നില്ല.

ഹസ്റത്ത് ഇഫ്ത നിവേദനം ചെയ്യുന്നു. ഒരിക്കൽ അവർ നബി(സ)യുടെ വിരിപ്പ് മൃദുലമാക്കി വിരിച്ചു. നബി(സ) ചോദിച്ചത്. ഇന്നലെ രാത്രി എന്താണ് നീ വിരിച്ചത്. നബി(സ) പറഞ്ഞു: ആ പുതപ്പ് എന്റെ നമസ്കാരത്തെ തടയുകയുണ്ടായി. മൃദുലമായ കിടക്കയായതുകൊണ്ട് അവിടന്ന് ഉറങ്ങിപോയിട്ടുണ്ടാകും. പക്ഷെ നബി(സ) ക്ക് അത് സഹിക്കാൻ പറ്റുമായിരുന്നില്ല.

ഹസ്റത്ത് ആയിശാ(റ) പറയുന്നു. എന്തെങ്കിലും അസുഖമോ മറ്റോകൊണ്ട് തഹ്ജുദ് നമസ്കരിക്കാൻ കഴിയാതെ വന്നാൽ നബി(സ) പകൽ 12 റക്അത്ത് നഫൽ നമസ്കരിക്കുമായിരുന്നു. തന്റെ രക്ഷിതാവിനെ ആരാധിക്കുന്നതിന് നബി(സ) ഒന്നും ഗൗനിച്ചിരുന്നില്ല. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ നബി(സ)ക്ക് സുഖമില്ലാതായി. സ്വഹാബത്ത് പറഞ്ഞു. അല്ലാഹുവിന്റെ റസൂലെ ഈയിടെയായി രോഗത്തിന്റെ ലക്ഷണങ്ങൾ അങ്ങയിൽ വ്യക്തമായി കാണുന്നു. പറഞ്ഞു ഈ ക്ഷീണമുണ്ടായിട്ടും ഇന്നു രാത്രി ഞാൻ ദീർഘമായ അദ്ധ്യായങ്ങൾ തഹ്ജുദ് നമസ്കാരത്തിൽ ഓതി.

ഉമ്മത്തിനേയും സഹാബത്തിനേയും തന്റെ

മാതൃകകൊണ്ട് നബി(സ) ഉപദേശിച്ചത് അല്ലാഹുവിനെ ആരാധിക്കുന്നതിൽ ഒരിക്കലും അശ്രദ്ധവരുത്തരുതെന്നാണ്. പ്രത്യേകിച്ച് തഹ്ജുദ് നമസ്കാരം.

ഹസ്റത്ത് അബ്ദുല്ലാഹിബ്നുബിൻ അബീഖയ്സ്(റ) പറയുന്നു. ഹസറത്ത് ആയിശാ(റ) പറഞ്ഞു: തഹ്ജുദ് നമസ്കാരം (ഖിയാമുല്ലൈൽ) ഉപേക്ഷിച്ചുകളയരുത്. എന്തുകൊണ്ടെന്നാൽ നബി(സ) അതുവിട്ടുകളഞ്ഞിരുന്നില്ല. രോഗമുണ്ടാകുകയും ക്ഷീണം അനുഭവിക്കുകയും ചെയ്താൽ അവിടന്ന് ഇരുന്നുകൊണ്ട് തഹജ്ജുദ് നമസ്കരിക്കുമായിരുന്നു.

ഇത്രമാത്രം കൃത്യനിഷ്ടയായിരുന്നു ഇക്കാര്യത്തിൽ നബി(സ) ഉപദേശിച്ചതുകൊണ്ടാണ് ഹസ്റത്ത് ആയിശാ(റ) മറ്റുള്ളവരോട് ഇതുപറഞ്ഞത്. തന്നെ വിശ്വസിക്കുന്നവരും നമസ്കാരത്തിൽ ഇങ്ങനെ കൃത്യനിഷ്ട പാലിക്കണമെന്ന് അവിടന്ന് ആഗ്രഹിച്ചിരുന്നു.

ഹസ്റത്ത് കഅ്ബ്ബിൻ മാലിക് (റ) നിവേദനം ചെയ്യുന്നു. നബി(സ) യാത്രയിൽ നിന്ന് മടങ്ങിയെത്തിയാൽ ഏറ്റവുമാദ്യം പള്ളിയിൽ പോകുമായിരുന്നു. അവിടെ രണ്ട് റക്അത്ത് നഫൽ നമസ്കരിക്കുമായിരുന്നു.

സാധാരണ മനുഷ്യൻ ചെയ്യുന്നതെന്താണ്. യാത്രചെയ്ത് വന്നെത്തിയാൽ തന്റെ വീട്ടിലേക്കോടും. ഭാര്യയെകാണാൻ ആഗ്രഹിക്കും. യാത്രാക്ഷീണം മാറ്റാൻ ആഗ്രഹിക്കും. പക്ഷെനമ്മുടെ യജമാനരായ മുഹമ്മദ് മുസ്തഫാ(സ) യുടെ രീതിയെന്താണ്. തിരിച്ചെത്തിയാൽ ആദ്യം തന്റെ രക്ഷിതാവിന്റെ സന്നിധിയിൽ ഹാജരവുന്നു. അവനോട് നന്ദികാണിക്കുന്നു. അവന്റെ അനുഗ്രഹവും കരുണയും ചോദിക്കുന്നു. പിന്നീടാണ് മറ്റുള്ള പരിപാടികളും വീട്ടിൽ പോകലും. ഉഹ്ദ് യുദ്ധത്തിലും മസ്ലിംകൾക്ക് ഭയാനകമായ രംഗങ്ങൾ തരണം ചെയ്യേണ്ടിവന്നിട്ടുണ്ട്. നബി(സ) തന്നെയും പരിക്കേറ്റു. പക്ഷെ അത് അവിടത്തെ ആരാധനയ്ക്ക് തടസ്സമായില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ശത്രുവിന്റെ ആക്രമണത്താൽ നബിയുടെ പടത്തൊപ്പി പൊട്ടി ഇരുമ്പാണി കവിളിൽ തറച്ചകാരണത്താൽ ഒരുപാട് ചോരവാർന്നുപോയി. അവിടന്ന് പരിക്കേറ്റ് തളർന്നിരുന്നു. ഇതിനുപുറമേ എഴുപത് സ്വഹാബിമാരുടെ വീരമൃത്യു അതിനേക്കാൾ വലിയ മുറിവേൽപ്പിച്ചിരുന്നു. അന്നും ബിലാല് ബാങ്കുകൊടുത്തപ്പോൾ മറ്റുദിവസങ്ങളിൽ പള്ളിയിൽ വരുന്നതുപോലെ പള്ളിയിൽ വന്നു.

സംഭവങ്ങൾ നിരവധിയുണ്ട്. അവിടത്തെ ജീവിതത്തിന്റെ ഓരോ നിമിഷവും ആരാധനയിൽ അലങ്കരിക്കപ്പെട്ടതായിരുന്നു. ഇതുമാത്രമല്ല, തന്റെ ഉമ്മത്തിലെ അംഗങ്ങളിലും സ്വഹാബത്തിലും ആരാധനയുടെ ഉന്നതമായ നിലവാരം സ്ഥാപിച്ചുകാണിക്കുകയുണ്ടായി. ഉപദേശി തന്റെ ജീവിതം കൊണ്ട് ഉന്നതനിലവാരം കാണിക്കുമ്പോഴാണ് ഉപദേശം സ്വീകൃതമായി തീരുന്നത്. ഇതു സംബന്ധമായി അവിടന്ന് പറഞ്ഞത് ചെയ്തിട്ടില്ല എന്നുപറയാൻ ആർക്കമൊക്കുകയില്ല. സ്വഹാബത്തും നബി(സ) ചെയ്യുന്നത്ര ചെയ്യാൻ അവിടന്ന് ആ മനുഷ്യരിൽ ഒരു വിപ്ളവം തന്നെ സൃഷ്ടിച്ചു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ഞാൻ ശക്തമായും പറയുന്നു. എത്രവലിയ ശത്രുവായാലും അവർകൃസ്ത്യാനികളാകട്ടെ ആര്യസമാജികളാവട്ടെ. അവർ നബി(സ) യുടെ ആഗമനത്തിനുമുമ്പുള്ള അവസ്ഥ പിന്നീട് അവിടത്തെ അദ്ധ്യാപനം അവരിൽ വരുത്തിയ മാറ്റവും നോക്കുകയാണെങ്കിൽ അനിയിന്ത്രതമായി നബി(സ) സത്യവാനാണെന്ന് സാക്ഷ്യം പറയേണ്ടിവരും.

എന്നാൽ ചില അന്ധർ ഈ ഭാഗത്തേക്ക് നോക്കുകയില്ല. കണ്ടാൽതന്നെ കണ്ണടച്ചുകളയും.

പറഞ്ഞു: വലിയ കാര്യമാണ് വിശുദ്ധഖുർആൻ അവരുടെ ആദ്യാവസ്ഥയെക്കുറിച്ച് ചിത്രീകരിച്ചിരിക്കുന്നു. (47:13) ഇതായിരുന്നു അവർ വിശ്വാസികളായിരുന്നപ്പോഴുള്ള അവസ്ഥ. എന്നാൽ നബി(സ) യുടെ പരിശുദ്ധമായ സ്വാധീനം അവരിൽ മാറ്റമുണ്ടാക്കി. അപ്പോൾ അവർ '*വല്ലദീനയബീതൂന ലിറബ്ബിഹിം സുജ്ജദൻ ഖിയാമാ*' (തങ്ങളുടെ നാഥനെ സാഷ്ടാംഗം പ്രണമിച്ചുകൊണ്ടും നിന്നു പ്രാർത്ഥിച്ചുകൊണ്ടും രാത്രികഴിച്ചുകൂട്ടുന്ന വരാണവർ. (25.65) എന്ന നിലയിലായി. കാട്ടറബികളിൽ നബി(സ) വരുത്തിയ മാറ്റം ഏതൊരു കുഴിയിൽ നിന്നെടു ത്ത് ഉന്നതമായ സ്ഥലത്ത് അവരെ സുരക്ഷിതമായി എത്തിച്ചു. തുടങ്ങിയവസ്ഥകൾ കാണുമ്പോൾ അനിയന്ത്രിതമായിമനുഷ്യൻ പറഞ്ഞുപോകും. എത്രമഹത്തരമായ മാറ്റമാണ് അവിടന്ന് വരുത്തിയതെന്ന്. മറ്റൊരു ജനതയിലും ഇതിന് ഉദാഹരണം കിട്ടുകയില്ല. ഇതു വെറുംകഥയല്ല, യഥാർത്ഥ സംഭവങ്ങളാണ്. സത്യത ലോകം അംഗീകരിക്കേണ്ടതായി വരും

അവസാനമായി നബിയെ ബാധിച്ചരോഗം, അതായത് കഠിനമായ പനി നബി(സ)യെ ബാധിച്ചു. അപ്പോഴും അവിടന്ന് എന്തെങ്കിലും ചിന്തിച്ചിരുന്നെങ്കിൽ അത് നമസ്കാരത്തെക്കുറിച്ചായിരുന്നു. പരിഭ്രമാവസ്ഥയിൽ ആവർത്തിച്ചാവർത്തിച്ച് നമസ്കാരത്തിന് സമയമായോ എന്ന് ചോദിച്ചുകൊണ്ടിരിന്നു. ആളുകൾ അങ്ങയെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്ന് പറയപ്പെട്ടു. പനികൂടിയപ്പോൾ എന്റെ മേൽ വെള്ളമൊഴിക്കുക എന്നു പറഞ്ഞു. അതുപോലെ ചെയ്യപ്പെട്ടു. പിന്നീട് ബോധക്ഷയമുണ്ടായി. പിന്നീട് ബോധം തെളിഞ്ഞു. അപ്പോഴും ചോദിച്ചു നമസ്കാരത്തിന് സമയമായോ?സ്വഹാബത്ത് പ്രതീക്ഷിച്ചിരിക്കുകയാണെന്ന് കണ്ടപ്പോൾ വീണ്ടും വെള്ളമൊഴിക്കാൻ പറഞ്ഞു. വെള്ളമൊഴിച്ചു പനികുറഞ്ഞു. നമസ്കാരത്തിനുപോകാനൊരുങ്ങി. എന്നാൽ ക്ഷീണം കൊണ്ട് തളർന്നിരുന്നു. പള്ളിയിൽ പോകാൻ കഴിഞ്ഞില്ല.

ഹസ്റത്ത് ആയിശാ(റ) പറയുന്നു. നബി(സ)

യെ മരണരോഗം ബാധിച്ചപ്പോൾ അബൂബക്കർ(റ) നോട് നമസ്കരിപ്പിക്കാൻ പറഞ്ഞു. അബൂബക്കർ നമസ്കരിക്കാൻ തുടങ്ങിയപ്പോൾ നബിക്ക് സ്വൽപ്പം ആശ്വാസം കിട്ടി. രണ്ടുപേരുടെ സഹായത്താൽ പള്ളിയിലേക്കിറങ്ങി. എന്റെ കൺമുമ്പിൽ ആ കാഴ്ച ഇന്നുമുണ്ട്. കഠിനമായ വേദനകൊണ്ട് നബിയുടെ കാലുകൾ വലിയുകയായിരുന്നു. നബിയെകണ്ട പ്പോൾ പിന്നിലേക്ക് മാറാൻ അബൂബക്കർ തീരുമാനി ച്ചു. അത് കണ്ടുകൊണ്ട് നബി(സ) ആംഗ്യത്തിലൂടെ അവിടെ തന്നെനിൽക്കാൻ അബൂബക്കറിനോട് പറഞ്ഞു. പിന്നീട് നബി(സ)യെ അവിടെ കൊണ്ടു പോയി. അടുത്തുതന്നെ ഇരുന്നു. അതിനുശേഷം നബി(സ) നമസ്കരിക്കാൻ തുടങ്ങി. അവിടന്ന് പറയുന്നതനുസരിച്ച് ഹസ്റത്ത് അബൂബക്കർ(റ) ഉറക്കെപറഞ്ഞിരുന്നു. നബിയോടൊപ്പം അബൂബ ക്കർ നമസ്കരിച്ചു, അതിനോടൊപ്പം മറ്റുള്ളവരും.

ഹസ്റത്ത് അലിയും ഹസ്റത്ത് അനസും പറയുന്നു. നബി(സ) യുടെ അന്തിമമായ ഉപദേശം , അവിടന്ന് അവസാനമായി നൽകിയ സന്ദേശം *അസ്സലാത്ത വമാ മലക്ത് അയ്മാനുക്കും* എന്നതായി രുന്നു. നമസ്കാരവും, അടിമകളോടുള്ളകടമകളും ശ്രദ്ധിക്കുക. ഹുഖൂഖുല്ലാഹ്, ഹുഖൂഖുൽ ഇബാദി ന്റെ ഉദാത്തമായ സംക്ഷിപ്തമാണിത്. അത് നബി(സ) തന്റെ ഉമ്മത്തിനോട് പറഞ്ഞതാണ്. ആയിരം ആയിരം സലാമും റഹ്മത്തും പരിശുദ്ധനബിയുടെ മേൽ ഉണ്ടാകട്ടെ. ആ മഹാത്മാവ് സ്വയം ആരാധന യുടെ ഉന്നതമായ നിലവാരം സ്ഥാപിച്ചു. ഉമ്മത്തിനെ ഉപദേശിക്കുകയും ചെയ്തു. *അല്ലാഹുമ്മസ്വല്ലി അലാമുഹമ്മദിൻ വ അലാ ആലിമീഹമ്മദിൻ ഇന്നക്ക ഹമീദുൻ മജീദ്*

അബ്ദുല്ലാഹ് ബിൻ റവാഹ് നബിയെക്കുറിച്ച് ഈ കവിതാ ശകലം എഴുതുകയുണ്ടായി.

*യബീതു യുജാഫി ജൻബഹു അൻ ഫിറാശിഹീ*

*ഇദ സ്തസ്കലത് ബിൻ മുശ്രിക്കീനൽ മളാജ്ജു*

ബഹുദൈവരാധകർക്ക് സുഖസുഷുപ്തി കൊണ്ട് വിരിപ്പിൽ നിന്ന് എഴുന്നേൽക്കുക ദുഷ്കരമാ യിരുന്നനേരത്ത് അവിടന്ന് തന്റെ വിരിപ്പിൽ നിന്നെഴു ന്നേറ്റ് അല്ലാഹുവിന്റെ മുമ്പിൽ ഹാജരാവുന്നു. ആരാധകളുടെ ഈ നിലയും ഈ സാക്ഷ്യങ്ങളും കണ്ടതിനുശേഷം തികച്ചും ബുദ്ധിക്ക് അന്ധതബാധി ച്ചവർക്കുമാത്രമേ നഊദുബില്ലാഹ് അവിടത്തെ താൽപര്യം മറ്റെന്തോ ആയിരുന്നുവെന്ന്. എന്തായാ ലും അത്തരമാളുകൾ വ്യർത്ഥമായ ഇത്തരം ആരോപണങ്ങൾ പത്രങ്ങളിൽ എഴുതിക്കൊണ്ടി രിക്കുന്നു. കഴിഞ്ഞയാഴ്ചയും ഞാൻ ജമാഅത്തിൽ മറുപടി പറയുന്ന ഏർപ്പാടുണ്ടാക്കണമെന്ന് പറഞ്ഞി രുന്നു. പോഷക സംഘടനയായ ഖുദ്ദാമുൽ അഹ്മദിയ്യയോടും ലജ്നാ ഇമാഇല്ലായോടും ഇതു പറയണമെന്ന് ഞാനാഗ്രഹിക്കുന്നു. അവരും ഇക്കാ ര്യം പ്രത്യേകം ശ്രദ്ധിക്കണം. കാരണം യുവാക്കൾ ഇക്കാലത്ത് ഇന്റർനെറ്റിനെ കൂടുതൽ പ്രയോജനപ്പെ ടുത്തു ന്നവരാണ്. ആക്ഷേപങ്ങൾ കാണുകയും അതിന് മറുപടി പറയുകയും ചെയ്യുന്നത് അവരുടെ ശിക്ഷണത്തിനും അനിവാര്യമാണ്.

അതുകൊണ്ട് ഖുദ്ദാമുൽ അഹ്മദിയ്യായിലെ കുറഞ്ഞത് നൂറുപേരെകണ്ടത്തുക. വിദ്യസമ്പന്നരും ദീനിപരമായ അറിവുള്ളവരും ആയിട്ടുള്ളവർ. ഇപ്രകാരം തന്നെ ലജ്നകളും നൂറുപെൺകുട്ടികളെ കണ്ടെത്തി ഒരു ടീം ഉണ്ടാക്കുക. ഇത്തരം ലേഖന ങ്ങൾ എഴുതുന്നവർക്കുള്ള മറുപടി സംക്ഷിപ്തമായി കത്തുകളിലൂടെ പത്രങ്ങളിൽ എഴുതിക്കൊണ്ടിരി ക്കുക. മതസ്വാതന്ത്രത്തിന്റെ പേരിൽ ഇപ്പോൾ വീണ്ടും ഇത്തരം ചർച്ചകൾ നടന്നു വരുന്നു.

മറ്റുരാജ്യങ്ങളിലും ഈ നടപടി സ്വീകരിക്കാ വുന്നതാണ്. ഈ കത്തുകൾ, കേന്ദ്രത്തിന്റെ ഏർപ്പാ ടുകൾ അനുസരിച്ചായിരിക്കണം വേണ്ടത്. വ്യക്തിപ രമായ നിലയിൽ ഓരോരുത്തരും കത്തെഴുതേണ്ട താണ്. അതായത്, നൂറുഖുദ്ദാം കത്തിലൂടെ മറുപടി യെഴുതുന്നത് അവരുടെ ഭാവനയ്ക്കനുസരിച്ചായിരി ക്കും. ഇങ്ങനെ വിവിധ രീതിയിലുള്ള കത്തുകൾ ചെല്ലുമ്പോൾ ഇസ്ലാമിനെക്കുറിച്ചും നബി(സ) യെക്കുറിച്ചും നല്ലൊരു രൂപം അവിടെയുണ്ടാകും. അതു പ്രസിദ്ധീകരിക്കുമ്പോൾ ജനങ്ങൾക്കും കാര്യം മനസ്സിലാകുന്നതാണ്. നബി(സ) യ്ക്കെതിരിലുള്ള ആക്ഷേപങ്ങളെ പ്രതിരോധിക്കാൻ മുസ്ലികളുടെ പക്കൽ തെളിവുകളില്ല. അതുകൊണ്ടാണ് അവർ ദേഷ്യപ്പെടുന്നത് എന്ന ആക്ഷേപവും അകലുന്ന താണ്. നമ്മുടെ പക്കൽ ഒരുപാട് തെളിവുകളുണ്ട്. പക്ഷെ മുസ്ലികൾ എല്ലാ നബിമാരെയും വിശ്വസി ക്കുന്നു. അതുകൊണ്ട് നബിമാർക്കെതിരിൽ സംസാരിക്കാൻ അവർക്ക് കഴിയുകയില്ല. നബി(സ) യുടെ മേൽ കളവ് കെട്ടിച്ചമച്ച് കാര്യങ്ങൾ വളച്ചൊടി ക്കാൻ ശ്രമിക്കുന്നവർ നാണം കെട്ടവരാണ്.

അല്ലാഹു തആല ഈ ഉപദ്രവങ്ങളിൽ നിന്ന് എല്ലാവർക്കും അഭയം നൽകുമാറാകട്ടെ.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**MOBILE : 98951 26027**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്

JUMUA KHUTHBA
**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on
18 - 02 - 2005
at
Baithul Futuh, London.

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**